"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ കോട്ടുകാൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 16 ൽ വിവിധ റീസർവ്വേ നമ്പരുകളിലായി സമുദ്രതീര പുറമ്പോക്കിൽ വർഷങ്ങളായി താമസിക്കുന്ന 5 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭൂമി ബി.റ്റി.ആർ പ്രകാരം സമുദ്രതീര പുറമ്പോക്ക് എന്നത് ഭൂമിയുടെ ഇനം മാറ്റി തരിശ് എന്നാക്കി പതിച്ച് നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.200/2026/RD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:-
1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26.01.2026 ലെ DCTVM/14685/2025-B3 നമ്പർ കത്ത്
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 19.02.2026 ലെ എൽ.ആർ/ 871/2026/ പി. എം-2നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കോട്ടുകാൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 16-ൽ വിവിധ റീസർവ്വേ നമ്പരുകളിലായി സമുദ്രതീര പുറമ്പോക്കിൽ വർഷങ്ങളായി താമസിക്കുന്ന 5 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നെന്നും പ്രസ്തുത അപേക്ഷകളിൽ 12 (1) നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതും ആയതിൽ ആക്ഷേപങ്ങൾ ലഭിച്ചിട്ടില്ലാത്തതും അപേക്ഷകൾ താലൂക്ക് പതിവ് കമ്മിറ്റി (TLAC) അംഗീകരിച്ചിട്ടുള്ളതുമാണെന്നും അപേക്ഷകർക്കോ കുടുംബത്തിനോ അപേക്ഷയ്ക്കാസ്പദമായ ഭൂമി അല്ലാതെ മറ്റ് ഭൂമി ഒന്നും ഇല്ലാത്തതാണെന്നും അപേക്ഷാ ഭൂമികൾ എല്ലാം സമുദ്രതീര വേലിയേറ്റ വട്ടുവിൽ നിന്നും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള ദൂരപരിധിക്ക് പുറത്താണെന്നും റവന്യൂ രേഖകൾ പ്രകാരം സമുദ്രതീര പുറമ്പോക്ക് എന്ന് കാണുന്നതിനാൽ ഇനം മാറ്റം നടത്തിയാൽ മാത്രമേ പട്ടയം അനുവദിക്കാൻ കഴിയൂ എന്നും ആയതിനാൽ കോട്ടുകാൽ വില്ലേജിൽ സമുദ്രതീര പുറമ്പോക്കിൽ താമസിക്കുന്ന 5 അപേക്ഷകരുടെ കൈവശഭൂമി തരിശ് ആയി ഇനം മാറ്റുന്നതിനും അർഹരായ കൈവശക്കാർക്ക് പ്രസ്തുത ഭൂമി പതിച്ച് നൽകുന്നതിന് പതിവധികാരിക്ക് അനുമതി നൽകുന്നതിനുമുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ് പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്.

(2) ജില്ലാ കളക്ടർ ലഭ്യമാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഭൂമി ബി.റ്റി.ആർ പ്രകാരം സമുദ്രതീര പുറമ്പോക്ക് എന്നത് ഭൂമിയുടെ ഇനം മാറ്റി തരിശ് എന്നാക്കി പതിച്ചു നൽകുന്നതിലേക്കായി സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ജില്ലാ

കളക്ടർ അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 16 ൽ വിവിധ റീസർവ്വേ നമ്പരുകളിലായി സമുദ്രതീര പുറമ്പോക്കിൽ താമസിക്കുന്ന അർഹരായ 5 അപേക്ഷകർക്ക് പട്ടയം നൽകുന്നതിന് സമുദ്രതീര പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമി ഇനം മാറ്റി 'തരിശ്' ആക്കിയ ശേഷം പതിച്ച് നൽകുന്നതിനുള്ള അനുമതി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. (ഭൂമിയുടെ സർവ്വെ നമ്പറും അപേക്ഷകരെ സംബന്ധിച്ച മറ്റ് വിവരങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു)

(4) തിരുവനന്തപുരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
വിവര-പൊതുജനസംമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 27-06-2026 17:14:24